പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1847 **26-10-2026-ൽ മറുപടിയ്ക്ക്**

പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി ഉപേക്ഷിച്ചതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

മറുപടി: പദ്ധതി ഉപേക്ഷിച്ചതായി കേന്ദ്രസർക്കാരിൽ നിന്നോ റെയിൽവേയിൽ നിന്നോ ഔദ്യോഗിക അറിയിപ്പുകൾ ഒന്നും ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയ്ക്കായി കഞ്ചിക്കോട് 239 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ;എങ്കിൽ,എപ്പോഴാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

മറുപടി: പാലക്കാട് കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറിക്ക് 230.10 ഏക്കർ സ്ഥലം ഏറ്റെടുത്ത് 17.08.2012 ൽ കൈമാറിയിട്ടുണ്ട് എന്ന് പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2011-15 കാലത്ത് റെയിൽവേ കോച്ച് ഫാക്ടറിയുടെ തറക്കല്ല് ഇട്ടിരുന്നോ; വ്യക്തമാക്കാമോ;

മറുപടി: റെയിൽവേയിൽ നിന്ന് വിവരം ശേഖരിച്ചു വരുന്നു.

(ഡി) തറക്കല്ലിട്ട പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;പദ്ധതിക്ക് അക്കാലത്ത് റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ടോ?

മറുപടി: റെയിൽവേയിൽ നിന്ന് വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ